## പ്രധാനവാർത്തകൾ

1. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമിതി രൂപീകരിക്കുമെന്ന് കേന്ദ്ര സർക്കാർ.

2. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൻറെ ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

3. സംസ്ഥാന സർക്കാരിൻറെ നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി പാലക്കാട് ജില്ലാതല തദ്ദേശ അദാലത്ത് നാളെ. മന്ത്രി എം.ബി.രാജേഷിൻറെ നേതൃത്വത്തിലാണ് അദാലത്ത്.

4. സംസ്ഥാനത്ത് ഇന്നും മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്ക്.

5. ബാഡ്മിൻറൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പിന് മറ്റന്നാൾ ചൈനയിൽ തുടക്കമാകും. ഇന്ത്യയിൽ നിന്ന് പങ്കെടുക്കുന്നത് 39 താരങ്ങൾ..

RNU TVPM

***********************************************

ഹെഡ്‌ലൈൻ-1

**ആരോഗ്യ പ്രവർത്തകർ-സുരക്ഷ**

രാജ്യത്തെ ആരോഗ്യപ്രവർത്തകർക്ക് സുരക്ഷിതമായ തൊഴിലിടങ്ങൾ ഉറപ്പാക്കുന്നതിനായി നിർദേശങ്ങൾ സമർപ്പിക്കുന്നതിന് സമിതി രൂപീകരിക്കുമെന്നു കേന്ദ്ര സർക്കാർ. FORDA, IMA ഉൾപ്പെടെയുള്ള ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ അഭ്യർത്ഥന പരിഗണിച്ചാണ് തീരുമാനം. വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരുകൾക്കും നിർദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങളിൽ 6 മണിക്കൂറിനകം പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് രാജ്യത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കും കഴിഞ്ഞ ദിവസം കേന്ദ്രം നിർദേശം നൽകിയിരുന്നു.

RNUTVPM

******************************************

ഹെഡ്‌ലൈൻ-2

**ഖാദി മേള**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും. കെ.എസ്.എഫ്.ഇ ഗാലക്സി ചിട്ടികളുടെ ശാഖാതല ഓണക്കോടി സമ്മാന വിതരണത്തിന്റെ ഉദ്ഘാടനം ഇതോടൊപ്പം നടക്കും.

******************************************

ഹെഡ്‌ലൈൻ-3

## പാലക്കാട് - ജില്ലാതല അദാലത്ത്

സംസ്ഥാന സർക്കാരിന്റെ മൂന്നാം വാർഷികത്തിൻറെ ഭാഗമായുള്ള നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി മന്ത്രി എം.ബി.രാജേഷിന്റെ നേതൃത്വത്തിൽ നാളെ മണപ്പുള്ളിക്കാവിലുള്ള കോസ്മോപൊളിറ്റൻ ക്ലബ്ബിൽ ജില്ലാതല തദ്ദേശ അദാലത്ത് നടക്കും. അദാലത്തിൽ പരാതികൾ നേരിട്ടും നൽകാം. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ പരാതികൾ തീർപ്പാക്കുകയാണ് അദാലത്തിന്റെ ലക്ഷ്യം. ലൈഫ്, അതിദാരിദ്ര്യം, ജീവനക്കാരുടെ വിഷയങ്ങൾ ഒഴികെയുള്ള 11 വിഷയങ്ങളാണ് അദാലത്തിൽ പരിഗണിക്കുക. adalat.lsgkerala.gov.in എന്ന സിറ്റിസൺ അദാലത്ത് പോർട്ടൽ വഴി ലഭിച്ച പരാതികൾ കൈകാര്യം ചെയ്യാനും കൗണ്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. പോർട്ടൽ മുഖേന മുൻകൂറായി പരാതി നൽകിയ അപേക്ഷകന് പരാതി നമ്പർ, ഉപജില്ല സമിതി നമ്പർ എന്നിവ ഉൾപ്പെടുത്തിയ ക്രമനമ്പർ സഹിതം ടോക്കൺ നൽകും. തുടർന്ന് അപേക്ഷകരെ വോളണ്ടിയർമാർ മുഖേന ഉപജില്ല സമിതിയിലേക്ക് നയിക്കും.

RNU TVPM

******************************************

## മാലിന്യം - പിഴ - കണ്ണൂർ

തൃശൂരിൽ നിന്ന് കൊണ്ടുവന്ന മാലിന്യം കണ്ണൂർ ജില്ലയിലെ റോഡരികിൽ തള്ളിയ പാലക്കാട്ടെ ഏജൻസിക്ക് മുപ്പതിനായിരം രൂപ പിഴ ചുമത്തി. കണ്ണൂർ കൂത്തുപറമ്പ് റോഡിൽ കിഴുത്തള്ളിയിലാണ് മാലിന്യം തള്ളിയത്.

പട്ടാമ്പിയിലെ ആക്രി വ്യാപാരിക്ക് ആണ് പിഴ ചുമത്തിയത്. ഇരുപതോളം ചാക്കുകളിലായി മാലിന്യം തള്ളിയ നിലയിലാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് കണ്ടെത്തിയത്. പരിശോധനയിൽ തൃശൂർ ജില്ലയിലെ കുന്നംകുളം, ഗുരുവായൂർ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യം ആണെന്ന് തിരിച്ചറിഞ്ഞു. കൂടുതൽ അന്വേഷണത്തിലാണ് മാലിന്യം തള്ളിയ ഏജൻസിയെ കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചത്.

******************************************

## ശബരിമല - ഭസ്മകുളം (ഇൻട്രോ)

ശബരിമലയിൽ ഭസ്മകുളം മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി പുതിയ ഭസ്മകുളത്തിനായുള്ള തറക്കല്ലിടൽ ചടങ്ങ് ഇന്ന് ഉച്ചയ്ക്ക് 12നും 12.30 നും ഇടയിലുള്ള മുഹൂർത്തത്തിൽ നടന്നു. തന്ത്രി കണ്ഠരര് രാജീവരുടെ മുഖ്യ കാർമികത്വത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത് തറക്കല്ലിടൽ നിർവഹിച്ചു.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ**

**(വോയിസ്)**

******************************************

## കാർത്ത്യായനി ദേവീക്ഷേത്രം

ആലപ്പുഴ ചേർത്തല കാർത്ത്യായനി ദേവീക്ഷേത്രത്തിൽ നവീകരണത്തിന് തുടക്കം. ഭരണാനുമതി ലഭിച്ച 16 ലക്ഷം രൂപ വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. സ്ട്രോംഗ് റൂം, ഭജനപുര എന്നിവയും അവശ്യഅറ്റകുറ്റപ്പണികളുമാണ്

ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ക്ഷേത്രത്തിലെ പോരായ്മകൾക്കും ജീർണാവസ്ഥക്കും പരിഹാരം കാണുമെന്ന് തിരുവിതാകൂർ ദേവസ്വം ബോർഡ് അധികൃതർ അറിയിച്ചു. ക്ഷേത്രത്തിലെത്തി പരിശോധനകൾ നടത്തി ഭക്തജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച ശേഷം നടന്ന അവലോകനയോഗത്തിലാണ് ബോർഡ് ഉറപ്പു നൽകിയത്. മന്ത്രി പി.പ്രസാദിന്റെ സാന്നിദ്ധ്യത്തിലായിരുന്നു യോഗം.

******************************************

**ഓച്ചന്തുരുത്ത് സഹകരണബാങ്ക്**

എറണാകുളം വൈപ്പിൻ ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക് ശതാബ്ദി ആഘോഷ സമാപനം ബാങ്ക് ഓഫീസ് ഓഡിറ്റോറിയത്തിൽ ഈ മാസം 25ന് നടക്കും. പാലിയേറ്റീവ് കെയർ പ്രവർത്തകരെ ആദരിക്കലും വീൽച്ചെയർ വിതരണവും ഇതിന്റെ ഭാഗമായി നടക്കും. വയനാട് ദുരിതാശ്വാസനിധിയിലേക്ക് ധനസഹായം നൽകൽ, ഓണപുടവ വിതരണം എന്നിവയും ജീവനക്കാരുടെ തിരുവാതിരക്കളി, നൃത്തനൃത്ത്യങ്ങൾ, നവീന കൈകൊട്ടികളി എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

BINU TVPM

******************************************

**കരുമാടി ജലോത്സവം**

അമ്പലപ്പുഴ കരുമാടി ജലോത്സവം ഇന്ന് കരുമാടിക്കുട്ടൻ മണ്ഡപത്തിന് സമീപം നടക്കും. കരുവാറ്റ ശ്രീ വിനായകൻ, ജവഹർത്തായങ്കരി, ആനാരി എന്നീ ചുണ്ടൻ വള്ളങ്ങൾ മത്സരിക്കും. വെപ്പുവള്ളങ്ങളും ഫൈബർ ചുണ്ടൻ വള്ളങ്ങളും, കളിവള്ളങ്ങളും മത്സരംഗത്ത് ഉണ്ടാവും. ഉച്ചകഴിഞ്ഞ് 2 മണി മുതലാണ് മത്സരം.

******************************************

ഇടുക്കി ഡാം (ഇൻട്രോ)

ഇടുക്കി ഡാമിലെ ജലനിരപ്പിൽ വർദ്ധന. മുൻ വർഷത്തേക്കാൾ 35.76 അടി വെള്ളത്തിന്റെ വർദ്ധനവാണ് ഇടുക്കിയിലുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

******************************************

ഹെഡ്‌ലൈൻ-5

ബാഡ്മിന്റൺ-ചാമ്പ്യൻഷിപ്പ്

ഈ വർഷത്തെ ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് മറ്റന്നാൾ ആരംഭിക്കും. ചൈനയിലെ ചെങ്ഡുവിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ അണ്ടർ-15, അണ്ടർ-17 വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുക. ഇന്ത്യയിൽ നിന്നുള്ള 39 കായികതാരങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. ചെങ്ഡുവിൽ നടന്ന ചാമ്പ്യൻഷിപ്പിന്റെ അവസാന പതിപ്പിൽ ഇന്ത്യ ഒരു സ്വർണവും ഒരു വെള്ളിയും ഒരു വെങ്കലവും നേടിയിരുന്നു. 2025 ലെ ചമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.

RNUTVPM

******************************************

ഹെഡ്‌ലൈൻ-4

**മഴ-കേരളം**

സംസ്ഥാനത്ത് ഇന്നും മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

****************************************

## ഖനനം നിരോധിച്ചു

മഴ ശക്തമാകുമെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിൽ ഖനന പ്രവർത്തനങ്ങൾ നിരോധിച്ചു. മലയോരമേഖലകളിൽ ഉൾപ്പെടെ ശക്തമായ മഴ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കടലോര- കായലോര- മലയോര മേഖലകളിലേക്കുള്ള അവശ്യസർവീസുകൾ ഒഴികെയുള്ള ഗതാഗതവും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു.

****************************************

## സുരേഷ് ഗോപി

മുല്ലപ്പെരിയാർ അണക്കെട്ട് ഒരു ഭീതിയായി നിൽക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. നാഷണൽ സ്പേസ് ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം VSSC യിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു സുരേഷ് ഗോപി. ഡാം പൊട്ടിയാൽ ആര് ഉത്തരം പറയുമെന്നും കോടതികൾ ഉത്തരം പറയുമോ എന്നും സുരേഷ് ഗോപി ചോദിച്ചു. മുല്ലപെരിയാർ പൊട്ടുമോ ഇല്ലയോ എന്ന വാദത്തിൽ ഇനിയുമൊരു കണ്ണീർ കാണാനുള്ള കരുത്ത് ഇല്ലെന്നും കേന്ദ്രസഹ മന്ത്രി പറഞ്ഞു. ഇതിന്റെയൊക്കെ ശാസ്ത്രീയ വശങ്ങൾ കണ്ടെത്തി ഒരുപക്ഷേ കോടതിയെ ധരിപ്പിക്കുന്ന

RNU TVPM

തരത്തിൽ നടപ്പിലാക്കാൻ ഐഎസ്ആർഒ പോലുള്ള പ്രസ്ഥാനങ്ങൾക്ക് കഴിയും എന്നും ലോകത്തിന് വേണ്ടിയാണ് സ്പേസ് പ്രവർത്തിക്കുന്നതെന്നും കേന്ദ്ര സഹമന്ത്രി മന്ത്രി പറഞ്ഞു. പട്ടിണി മാറ്റേണ്ട പണം ബഹിരാകാശ ദൗത്യങ്ങൾക്ക് ചിലവാക്കുന്നു എന്നു പറയുന്നത് വിഘടനവാദത്തിന്റെ ഭാഗമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു.

******************************************

## പന്ന്യൻ രവീന്ദ്രൻ

സിപിഐ ഇടതുമുന്നണിയുടെ ഭാഗമാണെങ്കിലും സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സമരം നടത്താമെന്ന് സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ. ആലപ്പുഴയിൽ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് കൗൺസിൽ സംസ്ഥാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

******************************************

## തിരുവനന്തപുരം പ്രതിഷേധം - കർണാടക

കൊൽക്കത്തയിലെ ആർ ജി കർ ആശുപത്രിയിൽ യുവ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയതിൽ പ്രതിഷേധ സൂചകമായി തിരുവനന്തപുരം വെള്ളയമ്പലം മാനവീയം വീഥിയിൽ ഇന്ന് മെഴുക് തിരി തെളിക്കും. രാത്രി 7 മണിക്ക് മാനവീയം തെരുവിടത്തിന്റെ ആഭിമുഖ്യത്തിലാണ് മെഴുക് തിരി കത്തിച്ച് പ്രതിഷേധിക്കുക.

******************************************

## നാടക ശില്പശാല

തോപ്പിൽ ഭാസിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന നാടക ശില്പശാല നാളെ ആലപ്പുഴയിൽ തുടങ്ങും. രണ്ടുദിവസം നീണ്ടുനിൽക്കുന്ന പരിപാടി നാളെ ഉച്ചയ്ക്ക് ശേഷം 3.30 ന് സംസ്ഥാന സെക്രട്ടറി ബിനോയി വിശ്വം ഉദ്ഘാടനം ചെയ്യും

****************************************

## ആശാൻ സാഹിത്യോത്സവം

തിരുവനന്തപുരം ചിറയിൻകീഴ് താലൂക്ക് ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ആശാൻ സാഹിത്യോത്സവം ഇന്ന് ശാർക്കര ഗവൺമെൻറ് യു പി സ്കൂളിൽ നടക്കും. വി. ശശി എം എൽ എ ഉദ്ഘാടനം ചെയ്യും.

PNU TVPM

****************************************

## വേളാങ്കണ്ണി - ട്രെയിൻ

വേളാങ്കണ്ണി പെരുന്നാളിനോട് അനുബന്ധിച്ച് തിരക്ക് കുറയ്ക്കുന്നതിന് തിരുവനന്തപുരം-വേളാങ്കണ്ണി-തിരുവനന്തപുരം പ്രത്യേക ട്രെയിൻ സർവീസ്. ഈ മാസം 21, 28, അടുത്തമാസം 4 തീയതികളിൽ തിരുവനന്തപുരത്തു നിന്ന് വേളാങ്കണ്ണിയിലേക്കും തൊട്ടടുത്ത ദിവസങ്ങളിൽ തിരിച്ചുമാണ് സർവീസ്.

*

*****************

***********************************************